# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 480** **10.06.2014-ലെ മറുപടിക്ക്**

### സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. എം.ഹംസ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ 2014 ഏപ്രിൽ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 3991.66 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 3112.46 കോടി രൂപയേക്കാൾ 28.24% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 4269.21 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 2963.98 കോടി രൂപയേക്കാൾ 44.03% കൂടുതലാണ്. 2013 ഏപ്രിൽ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 147.37 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 30.04.2014 ൽ ട്രഷറി ബില്ലുകളിലായി 1299.89 കോടി രൂപ നിക്ഷേപമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെയും ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടിവന്നിട്ടില്ല. |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥ പ്രതിസന്ധിയിലാണെന്ന് കരുതുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധി ഇല്ല |
| (സി) | 2014 മാർച്ച് 31-ലെ കണക്ക് പ്രകാരം സംസ്ഥാന ഖജനാവിൽ എന്തു തുക മിച്ചമുണ്ടായിരുന്നു ; | 2014 മാർച്ച് 31-ലെ കണക്ക് പ്രകാരം 758.56 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപമായുണ്ടായിരുന്നു |
| (ഡി) | ചെലവ് ചുരുക്കലിന്റെ ഭാഗമായി സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. വിവിധ ഭരണച്ചെലവുകൾ കുറയ്ക്കുന്നതിനായി, സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ പുതിയ നികുതി-നികുതിയേതര നിർദ്ദേശങ്ങളോടൊപ്പം തന്നെ ചെലവ് ചുരുക്കലിനുള്ള കർശന നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജിസ്ട്രേഷൻ വകുപ്പ് അടിയന്തിരമായി ഇ-സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടി |

| | | |
|---|---|---|
| | | കൾ കൈക്കൊള്ളേതാണ്, വിവിധ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കൂടാതെ ഭരണ ചെലവ് ചുരുക്കുന്നതുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്ക് നിയന്ത്രണം, നോൺ പ്ലാൻ ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളും ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. തുടർച്ചാനുമതിയുടെ അടിസ്ഥാനത്തിൽ തുടരുന്ന താല്ക്കാലിക തസ്തികകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകതപരിശോധിക്കുന്നതിന് ധനകാര്യ(എക്സ്പെൻഡിച്ചർ) സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| (ഇ) | 2012-13 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ റവന്യൂവരുമാനം എത്ര; | 2012-13 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ റവന്യൂവരുമാനം 44137.30 കോടി രൂപയാണ് |
| (എഫ്) | 2013-14 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്ര; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 49147.91 കോടി രൂപയാണ് |
| (ജി) | 2012-13 സാമ്പത്തിക വർഷത്തെ റവന്യൂ ചെലവ് എത്ര ; | 2012-13 സാമ്പത്തിക വർഷത്തെ റവന്യൂ ചെലവ് 53488.74 കോടി രൂപയാണ് |
| (എച്ച്) | 2013-14 സാമ്പത്തിക വർഷത്തെ റവന്യൂ ചെലവ് എത്ര ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തെ റവന്യൂ ചെലവ് 59446.22 കോടി രൂപയാണ് |
| (ഐ) | 2012-13 , 2013-14 സാമ്പത്തിക വർഷത്തെ റവന്യൂ കമ്മി എത്ര ; | 2012-13 സാമ്പത്തിക വർഷത്തെ റവന്യൂ കമ്മി 9351.44 കോടി രൂപയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2013-14 ൽ ഇത് 10298.30 കോടി രൂപയുമാണ് |
| (ജെ) | 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ പലിശയിനത്തിലെ ചെലവ് എത്ര ; | 2012-13 സാമ്പത്തിക വർഷത്തെ പലിശയിനത്തിലെ ചെലവ് 7204.81 കോടി രൂപയും, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2013-14 ൽ ഇത് 6838.45 കോടി രൂപയുമാണ് |
| (കെ) | 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കടബാദ്ധ്യതയിലേക്കായി എത്ര തുക ചെലവഴിച്ചു; | 2012-13 സാമ്പത്തിക വർഷം കടബാദ്ധ്യതയിലേക്കായി 2804.08 കോടി രൂപയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2013-14 ൽ ഇത് 3077.63 കോടി രൂപയുമാണ് |

<table>
<tr>
<td>(എൽ)</td>
<td>2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനസർക്കാർ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, റ്റി.എ മറ്റുചെലവുകൾ എന്നിവയ്ക്കായി എത്ര തുക ചെലവഴിച്ചു ;</td>
<td>
<table>
<tr><th>ഇനം</th><th>2012-13 (തുക കോടിയിൽ)</th><th>2013-14 ( താത്കാലിക കണക്ക്)</th></tr>
<tr><td>ശമ്പളം</td><td>17313.70</td><td>19326.61</td></tr>
<tr><td>പെൻഷൻ</td><td>8866.89</td><td>9971.17</td></tr>
<tr><td>റ്റി.എ</td><td>88.35</td><td>90.16 [illegible]</td></tr>
</table>
</td>
</tr>
<tr>
<td>(എം)</td>
<td>2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം നൽകാമോ?</td>
<td>2012-13 സാമ്പത്തികവർഷം 34492.33 കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2013-14-ൽ ഇത് 37255.52 കോടി രൂപയുമാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ